**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **11-09-2023 - ൽ മറുപടിയ്ക്ക്**

**വനാതിർത്തിയിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മെർക്കിസ്റ്റൻ എസ്റ്റേറ്റ് ലയത്തിലെ കുട്ടികൾ ഉൾപ്പെടെ പഠിക്കുന്ന പൊന്മുടി യു.പി. സ്കൂളിൽ ചുറ്റമതിൽ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വന്യമൃഗശല്യം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | പൊന്മുടി ഗവ.യു.പി സ്കൂൾ ചുറ്റമതിൽ ഇല്ലാത്തതിനാൽ വന്യമൃഗശല്യം നേരിടുന്നത് വളരെ ഗൗരവത്തോടെ കാണുന്നുണ്ട്. വിതുര പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ചുറ്റമതിൽ നിർമ്മിക്കുന്നതിനുള്ള ഫണ്ട് സ്കൂളിന് ലഭ്യമായിരുന്നെങ്കിലും വനം വകുപ്പിൽ നിന്നുള്ള പ്രതികൂല മറുപടി കാരണം പൂർണ്ണതോതിൽ ചുറ്റമതിൽ നിർമ്മാണം നടന്നിട്ടില്ല. പ്രസ്തുത വിവരങ്ങളും സ്കൂളിലെ ബുദ്ധിമുട്ടും കാണിച്ച് സ്കൂൾ അധികൃതർ വനം വകുപ്പിലും അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൻമേൽ ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും (CRMP No. 6369/01 -R/C1/2022/KeScPCR)) ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ 09/08/2023 ന് 11 മണിക്ക് സ്ഥലം സന്ദർശിക്കുകയും, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അടക്കം സംയുക്തമായി രേഖകളുടെ പരിശോധന നടത്തുകയും ചെയ്തു. ഇത് സംബന്ധിച്ച പരിശോധന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഗോത്രവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെ പഠിക്കുന്ന വനാതിർത്തികളിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ